**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1001** **06-02-2023 - ൽ മറുപടിയ്ക്ക്**

**തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ജീവഹാനി സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ജീവഹാനി സംഭവിക്കുന്നവർക്ക് എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്; വനത്തിനുള്ളിലും വനത്തിന് പുറത്ത് വച്ചും നടക്കുന്ന അപകടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വ്യത്യസ്തമാണോ; നഷ്ടപരിഹാരത്തുക ലഭിക്കാൻ അപേക്ഷ സമർപ്പിക്കേണ്ടത് സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ; | (എ) | വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാര തുക നൽകി വരുന്നത് 05/04/2018-ലെ സ.ഉ. (എം.എസ്) 17/2018/വനം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. 25/10/2022 ലെ സ.ഉ. (കൈ) 50/2022/വനം നമ്പർ ഉത്തരവ് പ്രകാരം തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണത്താൽ മരണപ്പെടുന്നവർക്കുകൂടി സ.ഉ. (എം.എസ്) 17/2018/വനം നമ്പർ ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്. നഷ്ടപരിഹാര തുക ലഭിക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. രണ്ട് ഉത്തരവുകളുടേയും പകർപ്പുകൾ അനുബന്ധം-1 , അനുബന്ധം- 2 ആയി ചേർക്കുന്നു. |
| (ബി) | ഇത്തരത്തിലുള്ള അപകടങ്ങളിൽ നഷ്ടപരിഹാരത്തുക നൽകുന്നതിന് ഏത് തീയതി മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്; | (ബി) | 25.10.2022 ലെ സർക്കാർ ഉത്തരവ് (കൈ) നം.50/22/വനം പ്രകാരം തേനീച്ച, കടന്നൽ കുത്തേറ്റ് ജീവഹാനി സംഭവിക്കുന്നവർക്ക് സർക്കാർ ഉത്തരവ് തീയതി മുതലാണ് പ്രാബല്യമുള്ളത്. |
| (സി) | തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് എന്തെങ്കിലും നഷ്ടപരിഹാരത്തിന് അർഹതയുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള അപകടത്തിൽപ്പെട്ട് പരിക്കേറ്റവർക്ക് ചികിത്സാച്ചെലവ് നൽകുന്നകാര്യം പരിഗണിക്കുമോ? | (സി) | ടി ഉത്തരവ് പ്രകാരം തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ജീവഹാനി സംഭവിക്കുന്നവർക്ക് മാത്രമാണ് നഷ്ടപരിഹാരത്തിന് അർഹതയുള്ളത്. അപകടത്തിൽപ്പെട്ട് പരിക്കേറ്റവർക്ക് ചികിൽസാച്ചെലവ് നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - "1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടങ്ങളിലെ ചട്ടം 2(എ), 3(എ)(1), 3(എ)(2), 3(എ)(3), 3(എ)(4), 4(ഡി), 5(എ) എന്നിവയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയും നഷ്ടപരിഹാരതുക വർദ്ധിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (ഡി) വകുപ്പ്**

**സ.ഉ.(കൈ) നം./17/2018/വനം** തീയതി,തിരുവനന്തപുരം, 05/04/2018

പരാമർശം:- 1) 22/03/2013-ലെ സ.ഉ(എം.എസ്) നം. 32/2013/വനം.
2) 17/11/2014-ലെ സ.ഉ(എംഎസ്) നം.96/2014/വനം.
3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 27/09/2017-ലെ ഡബ്ല്യൂ.എൽ 1- 2081/2011 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള നിയമസഭയുടെ വിഷയനിർണ്ണയസമിതി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്തെ റിപ്പോർട്ടിലെ പത്താമത് ശുപാർശ പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിച്ച വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നൽകി വരുന്ന നിലവിലുള്ള നഷ്ടപരിഹാര തുക 5 ലക്ഷത്തിൽനിന്നും 10 ലക്ഷമായി വർദ്ധിപ്പിച്ച് നല്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന്, വന്യജീവി ആക്രമണം മൂലമുള്ള ജീവഹാനിയ്ക്കും പരിക്കിനും കൃഷിനാശത്തിനും നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിലേക്കായി "1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടങ്ങളിലെ ചട്ടം 3(എ)(1), 3(എ)(2), 3(എ)(3), 3(എ)(4), 4(ഡി), 5(എ) എന്നിവയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി നഷ്ടപരിഹാരതുക കാലോചിതമായി വർദ്ധിപ്പിക്കണമെന്ന ശുപാർശ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും കന്നുകാലികൾക്കും മറ്റ് വസ്തുവകകൾക്കും കൃഷിയ്ക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരമാവധി 75000 രൂപയാണ് നൽകിയിരുന്നത്. പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5ലക്ഷം രൂപയും വനത്തിനു പുറത്തുവെച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകിയിരുന്നത്.

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയ്ക്കനുസൃതമായി മുഖ്യവനപാലകൻ സമർപ്പിച്ച ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. വന്യജീവി ആക്രമണം മൂലമുള്ള ജീവഹാനിയ്ക്കും പരിക്കിനും കൃഷിനാശത്തിനും നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനായി "1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" ചട്ടങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നിലവിലുള്ള വ്യവസ്ഥകൾ | ഭേദഗതി |
| --- | --- |
| | |

| | |
|---|---|
| | |
| ചട്ടം 3(എ)(1)<br><u>മനുഷ്യ ജീവഹാനി</u>:<br>വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5ലക്ഷം രൂപ നൽകാവുന്നതാണ്. വനത്തിനു പുറത്തു വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. | ചട്ടം 3(എ) (1)<br><u>മനുഷ്യ ജീവഹാനി</u> :<br>വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10ലക്ഷം രൂപ നൽകാവുന്നതാണ്. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം രണ്ട് ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. |
| ചട്ടം 3(എ)(2)<br><u>സ്ഥായിയായ അംഗവൈകല്യം</u>- വന്യമൃഗങ്ങളുടെ ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം ഉണ്ടാകുന്നവർക്ക് 75,000/- (എഴുപത്തി അയ്യായിരം) രൂപ വരെ നൽകാം. | ചട്ടം 3(എ)(2)<br><u>സ്ഥായിയായ അംഗവൈകല്യം</u>- വന്യമൃഗങ്ങളുടെ ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം ഉണ്ടാകുന്നവർക്ക് 200,000/- (രണ്ട് ലക്ഷം) രൂപ വരെ നൽകാം. |
| ചട്ടം 3(എ)(3)<br><u>കന്നുകാലി നഷ്ടം; കൃഷി, വീടുകൾ/കുടിലുകൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവ</u>- വീടുകൾ/കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, കണക്കാക്കപ്പെടുന്ന തുകയുടെ 100% (നൂറ് ശതമാനം) , പരമാവധി 75,000/- (എഴുപത്തി അയ്യായിരം) രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകാവുന്നതാണ്. | ചട്ടം 3(എ)(3)<br><u>കന്നുകാലി നഷ്ടം; കൃഷി, വീടുകൾ/കുടിലുകൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവ</u>- വീടുകൾ / കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, കണക്കാക്കപ്പെടുന്ന തുകയുടെ 100% (നൂറ് ശതമാനം), പരമാവധി 100,000/- (ഒരു ലക്ഷം) രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകാവുന്നതാണ്. |

| | |
|---|---|
| | |
| ചട്ടം 3(എ)(4)<br>വ്യക്തികൾക്കുണ്ടാകുന്ന പരിക്ക്-<br>വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് പറ്റുന്ന വ്യക്തികൾക്ക് ചികിത്സക്ക് ചെലവാകുന്ന തുക പരമാവധി 75,000/- (എഴുപത്തി അയ്യായിരം) രൂപ എന്ന നിരക്കിൽ നൽകാവുന്നതാണ്. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകാവുന്നതാണ്. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. | ചട്ടം 3(എ)(4)<br>വ്യക്തികൾക്കുണ്ടാകുന്ന പരിക്ക്-<br>വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് പറ്റുന്ന വ്യക്തികൾക്ക് ചികിത്സക്ക് ചെലവാകുന്ന തുക പരമാവധി 100,000/- (ഒരുലക്ഷം) രൂപ എന്ന നിരക്കിൽ നൽകാവുന്നതാണ്. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകാവുന്നതാണ്. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. |
| ചട്ടം 4(ഡി)<br>നഷ്ടപരിഹാരം നൽകൽ:<br>മനുഷ്യ ജീവഹാനിയുണ്ടായാൽ റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ചാൽ 15 ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഗെയിം വാർഡൻ/ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഓഫീസർ തുടരന്വേഷണം നടത്തുകയും ആവശ്യമായ ഉത്തരവ് 15 ദിവസത്തിനകം പുറപ്പെടുവി-ക്കുകയും ചെയ്യേണ്ടതാണ്. ആയതിന് അന്വേഷണ ഉദ്യോഗസ്ഥൻ ചട്ടം5 പരിഗണിക്കേണ്ടതാണ്. | ചട്ടം 4(ഡി)<br>നഷ്ടപരിഹാരം നൽകൽ:<br>മനുഷ്യ ജീവഹാനിയുണ്ടായാൽ റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ചാൽ 1 5 ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഗെയിം വാർഡൻ/ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഓഫീസർ തുടരന്വേഷണം നടത്തുകയും ആവശ്യമായ ഉത്തരവ് 1 5 ദിവസത്തിനകം പുറപ്പെടുവിക്കേണ്ടതുമാണ്. ആയതിന് അന്വേഷണ ഉദ്യോഗസ്ഥൻ ചട്ടം 5 പരിഗണിക്കേണ്ടതാണ്. റേഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ച ശേഷം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഗെയിം വാർഡൻ/ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ഓഫീസർ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ബന്ധുത്വം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് നഷ്ടപരിഹാരത്തിന്റെ ആകെ തുകയുടെ 5 0 % മരണപ്പെട്ടയാളുടെ |

| | |
|---|---|
| | നിയമപരമായ അവകാശികൾക്ക് നൽകേണ്ടതാണ്. ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം നൽകേണ്ടതാണ്. |
| ചട്ടം 5 (എ)<br><u>നഷ്ടപരിഹാരത്തിന് അർഹതയില്ലാത്ത വ്യക്തികൾ:</u><br>വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തി വന്യ ജീവി (സംരക്ഷണം) നിയമം, 1972, കേരള വനം നിയമം എന്നിവ പ്രകാരമുള്ള കുറ്റ കൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ നഷ്ട പരിഹാരത്തിന് അർഹതയില്ല. | ചട്ടം 5 (എ)<br><u>നഷ്ടപരിഹാരത്തിന് അർഹതയില്ലാത്ത വ്യക്തികൾ:</u><br>വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തി വന്യ ജീവി (സംരക്ഷണം) നിയമം 1972, കേരള വനം നിയമം എന്നിവ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ട പരിഹാരത്തിന് അർഹതയില്ല. എന്നിരുന്നാലും സ്ഥിരം കുറ്റവാളികൾ അല്ലാത്ത വനം കുറ്റ കൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിനിടയിൽ അല്ലാതെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട സർക്കിളിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും അർഹതയുള്ള കേസ്സിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണ്. |

1980ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടങ്ങളിലെ ചട്ടം 2 (എ) ൽ 'വന്യജീവി' എന്ന നിർവ്വചനത്തിൽ "നാട്ടാന" എന്നുകൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വേണു. വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വന്യ ജീവി) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് )(ഇനം നമ്പർ 2037 പ്രകാരം)
ധനകാര്യ വകുപ്പ് (26/12/2017-ലെ 675902/അഗ്രി.ബി1/407/2017/ധന അനൗ.കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിയ്ക്ക് നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.50/2022/F&WLD തീയതി, തിരുവനന്തപുരം, 25-10-2022

---

പരാമർശം:-

1. 16/09/2009-ലെ സ.ഉ.(സാധാ) 283/2009/വനം നമ്പർ ഉത്തരവ്
2. 22/03/2013-ലെ സ.ഉ.(കൈ) നം.32/2013/വനം നമ്പർ ഉത്തരവ്.
3. 29/04/2013-ലെ സ.ഉ.(കൈ) നം.48/2013/വനം നമ്പർ ഉത്തരവ്.
4. 26/11/2013-ലെ സ.ഉ.(കൈ) നം.105/2013/വനം നമ്പർ ഉത്തരവ്.
5. 05/04/2018-ലെ സ.ഉ.(കൈ) നം.17/2018/വനം നമ്പർ ഉത്തരവ്.
6. 20/07/2018-ന് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. ബാലകൃഷ്ണൻ, ഇടുക്കി സമർപ്പിച്ച ഹർജി.
7. 27/05/2022, 14/09/2022 തീയതികളിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ WL11-2081/2011 നമ്പർ കത്തുകൾ.

**ഉത്തരവ്**

കടന്നൽ കുത്തേറ്റ് ഭാര്യയ്ക്ക് ജീവഹാനി സംഭവിച്ചതിനെ തുടർന്ന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. ബാലകൃഷ്ണൻ, ഇടുക്കി സമർപ്പിച്ച ഹർജി പരിഗണിച്ച സമിതി കടന്നലിനെ വന്യജീവികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്തു.

2. പ്രസ്തുത ശുപാർശയുടെ എല്ലാ വശങ്ങളും സർക്കാർ പരിശോധിച്ചു. തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണം മൂലം മരണപ്പെടുന്നവർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് അവയെ വന്യമൃഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുപകരം 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് എന്ന ചട്ടങ്ങളിലെ ചട്ടം 2(എ) യി വന്യമൃഗം എന്ന നിർവചനപ്രകാരമുള്ള ജീവികളുടെ ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവർക്ക് (വനത്തിനകത്തോ പുറത്തോ) നൽകി വരുന്ന നഷ്ടപരിഹാര തുക കടന്നലിന്റെയോ തേനീച്ചയുടെയോ കടിയോ കുത്തോ കാരണം ജീവഹാനി സംഭവിച്ചാലും നൽകാവുന്നതാണ് എന്ന് സർക്കാർ ഉത്തരവാകുന്നു.

3. ഇതിനുള്ള തുക വന്യജീവി ആക്രമണത്തിൽ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഉപയോഗിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
ശ്രീ. ബാലകൃഷ്ണൻ, ചെമ്പനാൽ വീട്, 92- ആദിവാസി കോളനി, സൂര്യനെല്ലി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ / ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
നിയമ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ -1102)
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്
വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ